"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സർക്കസ് ഷെഡുകൾക്ക് പെർമിറ്റ് ഫീസ് ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

G.O.(Rt)No.642/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

പരാമർശം:- 1. 31.03.2023 ലെ സ.ഉ(കൈ)നം.85/2023/LSGD

2. ജെമിനി സർക്കസ് മാനേജർ ശ്രീ.വി.രഘുനാഥ് സമർപ്പിച്ച 01.09.2023 ലെ അപേക്ഷ

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.11.2023 ലെ LSGD/PD/63704/2023-AR1 നമ്പർ കത്ത്

ഉത്തരവ്

2019 ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷ ഫീസ്/ ലേ ഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ടനി ഫീസ് എന്നിവയുടെ നിരക്ക് പരിഷ്കരിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. ജെമിനി സർക്കസ് കമ്പനിയുടെ താല്ക്കാലിക പെർമിറ്റിന് വേണ്ടി കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പെർമിറ്റ് ഫീസ് ഇനത്തിൽ 1,56,882/- രൂപ അടക്കുവാൻ അവശ്യപ്പെട്ടിരുന്നതായും താല്ക്കാലിക ഷെഡ് നിർമ്മാണത്തിന് ചതുരശ്ര മീറ്ററിന് 200/- രൂപയായി വർദ്ധിപ്പിച്ച നിരക്കിലാണ് മേൽ തുക അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും മറ്റ് ഷെഡ്ഡുകൾക്കുള്ള നിരക്ക് സർക്കസ് കമ്പനിക്ക് ഈടാക്കുന്നത് ഇപ്പോൾ തന്നെ അവശകലയായ സർക്കസ് കമ്പനികൾ പൂട്ടിപ്പോകാൻ കാരണമാകുമെന്നതിനാൽ സർക്കസ് കമ്പനികൾ നിർമ്മിക്കുന്ന താൽക്കാലിക ഷെഡ്ഡിന് പെർമിറ്റ് ഫീസ് ഒഴിവാക്കി നൽകുന്നതിന് പരാമർശം (2) പ്രകാരം ജെമിനി സർക്കസ് മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു.

3. മേൽ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 68(1) ൽ ഒരു പ്രത്യേക കാലയളവിലേക്ക് കുടിലുകൾ അല്ലെങ്കിൽ താൽക്കാലിക സ്വഭാവത്തോടു കൂടിയ

കുതിരാലയങ്ങൾക്കുള്ള ഷെഡുകൾ അല്ലെങ്കിൽ സമാന ഉദ്ദേശത്തോടു കൂടിയുള്ളവയ്ക്കോ അല്ലെങ്കിൽ ഹോട്ട് മിക്സ് പ്ലാൻറ് അല്ലെങ്കിൽ കോൺക്രീറ്റ് മിക്സ് പ്ലാൻറ് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഫീസ് സംബന്ധിച്ച യാതൊന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ലായെന്നും കുതിരാലയങ്ങൾക്കുള്ള ഷെഡുകൾ അല്ലെങ്കിൽ സമാന ഉദ്ദേശത്തോടു കൂടിയുള്ളവയ്ക്കോ നിർമാണാനുമതി വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ സർക്കസ് കമ്പനിക്കായുള്ള താൽക്കാലിക ഷെഡ് നിർമ്മിക്കുന്നതിന് ഈ വ്യവസ്ഥയിൽ ഉൾപ്പെടുത്തി നിർമാണാനുമതി നല്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4.കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർധിപ്പിക്കുന്നതിനു മുമ്പ് കുടിലുകൾ, ഷെഡുകൾ എന്നിവക്ക് പെർമിറ്റ് ഫീ ഇനത്തിൽ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ചതുരശ്ര മീറ്ററിന് 75 രൂപ നിരക്കിലും മുനിസിപ്പാലിറ്റികളിൽ 50 രൂപ നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരുന്നതെന്നും പരാമർശം (2) ഉത്തരവിൽ പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി ഉത്തരവിൽ കുടിലുകൾ, ഷെഡുകൾ എന്നിവ പ്രത്യേകം പരാമർശിച്ചിട്ടില്ലായെന്നും താമസം, വ്യവസായം, വാണിജ്യം, മറ്റുള്ളവ എന്നീ നാല് വിഭാഗം കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ് മാത്രം പട്ടികപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കുടിൽ/ഷെഡുകൾ, മുമ്പുണ്ടായിരുന്ന മറ്റു ചില വിഭാഗം കെട്ടിടങ്ങളുടെ വിഭാഗത്തെ ഒഴിവാക്കുകയും ചെയ്തിരുന്നുവെന്നും ഈ സാഹചര്യത്തിൽ ഉത്തരവിൽ പ്രത്യേകമായി പറയാത്ത വിഭാഗം കെട്ടിടങ്ങളെ (കുടിൽ/ഷെഡുകൾ ഉൾപ്പെടെ) ' മറ്റുള്ളവ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കുവാനെ കഴിയു എന്ന സാഹചര്യം സംജാതമായി എന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.വർധനവ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന കുടിലുകളും ഷെഡുകളും സ്ഥിരം സ്വഭാവത്തിലുള്ളവ എന്ന് മാത്രമേ കണക്കാക്കുവാൻ കഴിയൂ എന്ന സാഹചര്യത്തിൽ താൽക്കാലികമായി നിർമ്മിക്കുന്ന ഷെഡുകൾ/കുടിലുകൾ എന്നിവയ്ക്ക് സ്ഥിരമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഈടാക്കുന്ന പെർമിറ്റ് ഫീസ് ഈടാക്കുന്നത് നീതീകരിക്കാനാവില്ലായെന്നും പരാമർശം (3) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസ്തുത താൽക്കാലിക ഷെഡുകൾ/ കുടിലുകൾക്ക് പ്രത്യേക നിരക്ക് (അത് നിലനിൽക്കുന്ന കാലയളവ് അടിസ്ഥാനമാക്കി) നിശ്ചയിച്ച് ഈടാക്കുകയോ പെർമിറ്റ് ഫീസ് ഒഴിവാക്കി നൽകുകയോ ചെയ്യുന്നത് ഉചിതമാവുമെന്നും സർക്കസ് കമ്പനികളുടെയും അതിലെ കലാകാരന്മാരുടെയും നിലനിൽപ്പിനു തന്നെ ഭീഷണി നേരിടുന്ന ഇപ്പോഴത്തെ അവസ്ഥയും കണക്കിലെടുത്ത് സർക്കസ് നടത്തുന്നതിനായുള്ള താൽക്കാലിക ഷെഡുകൾക്ക് പെർമിറ്റ് ഫീസ് ഇളവു ചെയ്ത് നൽകാമെന്നും പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

6.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) നമ്പർ ഉത്തരവിൽ കുടിലുകൾ, ഷെഡുകൾ എന്നിവ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാലും പ്രത്യേകമായി പറയാത്ത വിഭാഗം കെട്ടിടങ്ങളെ (കുടിൽ/ഷെഡുകൾ ഉൾപ്പെടെ) മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കുവാനേ കഴിയുകയുള്ളൂ എന്നതിനാലും താൽക്കാലികമായി നിർമ്മിക്കുന്ന ഷെഡുകൾ/കുടിലുകൾ എന്നിവയ്ക്ക് സ്ഥിരമായി നിർമ്മിക്കുന്ന

കെട്ടിടങ്ങൾക്ക് ഈടാക്കുന്ന പെർമിറ്റ് ഫീസ് ഈടാക്കുന്നത് നീതീകരിക്കാനാവില്ല എന്നതിനാലും സർക്കസ് കമ്പനികളുടെയും അതിലെ കലാകാരന്മാരുടെയും നിലനിൽപ്പിനു തന്നെ ഭീഷണി നേരിടുന്ന ഇപ്പോഴത്തെ അവസ്ഥ കണക്കിലെടുത്ത് സർക്കസ് ഷെഡ്ഡുകൾക്ക് പെർമിറ്റ് ഫീസ് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

ശ്രീ.വി.രഘുനാഥ് ,മാനേജർ, ജെമിനി സർക്കസ് (geminicircus51@gmail.com മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ,തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും(ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-03-2024 15:55:12